



Rev. Fr. John Vianney talks on
Fr. Joseph J. Palackal & his mission

# അബ്രാഹത്തിന്റെ, ഇസഹാക്കിന്റെ, ഇസ്രായേലിന്റെ ദൈവം

## (The God of Abraham, Isaac, and Jacob)

ഫാദർ. ജോൺ വിയാനി

പോയ വർഷം മെയ് മാസത്തിൽ, അമേരിക്കയിലെ വെർജിനിയയിൽ പോകാൻ അവസരം വന്നു. ഷാന്റിലി എന്നായിരുന്നു ഞാൻ പോയ കൊച്ചു പട്ടണത്തിന്റെ പേര്. ജനവാസം കൊണ്ടും മറ്റും ടൗൺ എന്ന വിശേഷണം അതിനു യോജിക്കും. എന്നാലും ശരി, മലരണി കാടുകൾ തിങ്ങി വിങ്ങിയ അവിടുത്തെ പ്രക്രതിയുടെ മുഖച്ഛായ കാണുമ്പോൾ ഗ്രാമം എന്ന അതിനെ വിശേഷിപ്പിക്കാൻ പ്രേരണ ഉണ്ടാവും. നാലു മണി കഴിഞ്ഞു ഞാൻ ലക്ഷ്യ സ്ഥാനത്തെത്തുമ്പോൾ. പിറ്റേന്ന് രാവിലെ കാപ്പി കുടിക്ക് നേരമായി. എന്റെ ഒരടുത്ത ബന്ധുവാണ് വീട്ടുകാരി. അവളുടെ ഭർത്താവ് പറഞ്ഞു ' അച്ചാ, ശുഭ്രഹർമ്യം എന്ന് വിളി ക്കുന്ന വൈറ്റ് ഹൗസിലേക്ക് ഇവിടുന്ന് ഒരു കല്ലേറ് ദൂരമേയുള്ളൂ. അതിന്റെ വളപ്പിൽ തന്നെയാണ് ലൈബ്രറി ഓഫ് കോൺഗ്രസ്, അവിടെ ഇന്ന് പത്തു മണിക്ക് നമ്മുടെ പാലക്കലച്ചൻ പ്രബന്ധം അവതരിപ്പിക്കുന്നുണ്ട് ; ഞങ്ങൾ പോകുന്നു അച്ചൻ പോരുന്നോ? ' ഞാൻ മറുപടി പറഞ്ഞു'തീർച്ചയായും'. എന്റെ ശിഷ്യ ഗണത്തിലൊരുവനാണ് പാലയ്ക്കലച്ചൻ. 'അങ്കവും കാണാം താളിയുമൊടിക്കാം' ഞാൻ ഉള്ളിൽ കരുതി അങ്ങുപോയി.

ഒരു കല്ലേറ് ദൂരം എന്ന് പറഞ്ഞെങ്കിലും ഞാനറിയുന്ന കല്ല് ഇത്ര ദൂരമൊന്നും സഞ്ചരിക്കുകയില്ല തീർച്ച. തോട്ടിൽ നിന്നും പെറുക്കിയെടുത്ത മിനുസമുള്ള കല്ല് കവണയിലുടക്കിയിട്ടു, ഇസ്രായേൽ ജനത്തെ പരിഹസിച്ച വിഗ്രഹാരാധകനായ ഗോലിയാത്തിന്റെ നെറ്റിയിലുന്നം വെച്ചു കവണ തൊടുത്ത ചരിത്ര പുരുഷനായിത്തീർന്ന (1 സാമു. 17 :40) ദാവീദ് എറിഞ്ഞാൽ, ഇപ്പറഞ്ഞ ദൂരം പോകുമായിരിക്കും. ഞങ്ങൾ സദസ്സിൽ ഇടം പിടിച്ചു, അൽപം

വൈകിയാണെങ്കിലും എത്തിപ്പെടാൻ വൈകിയതിലുണ്ടായ ജാള്യത പുറത്തു കാണിക്കാതെ, ഞങ്ങൾ പ്രബന്ധാവതരണം കേട്ടിരുന്നു. 'സാഗ്ദീതൻമാർ ലാലാഹുസാക്' എന്നാരംഭിക്കുന്ന കേരളസഭയുടെ പുരാതന നിശാപ്രാർത്ഥനയിലെ വരികളായിരുന്നു അവതരിക്കപ്പെട്ട പ്രബന്ധത്തിന്റെ കാതൽ. സൗകര്യപ്രദമായ ഒരിട നിമിഷം കിട്ടിയപ്പോൾ അച്ചൻ പറഞ്ഞു, 'വൈദിക ജീവിതത്തിൽ എന്നെ പിച്ച നടത്തിയ റെക്ടറച്ചനും വന്നു എന്റെ ഈ വിനീത സംരംഭത്തിൽ സംബന്ധിക്കുക മൂലം ഞാൻ ഉപരി ധന്യനായി'. പാലയ്ക്കലച്ചൻ എന്നെ സദസ്സിനു പരിചയപെടുത്തി. നെറ്റിപ്പട്ടം കെട്ടിയ ആനയുടെ ഓർമ എന്റെ മനസ്സിൽ അങ്കുരിക്കാതിരുന്നില്ല.

ലൈബ്രറി ഓഫ് കോൺഗ്രസിന്റെ ഉത്ഭവം, അതിന്റെ സ്ഥാപകൻ, അതിന്റെ പ്രവർത്തന ലക്ഷ്യം, അവിടെ ഒരു പ്രബന്ധാവരണത്തിനു ക്ഷണിക്കുന്നതു വഴി ഒരുവന് അമേരിക്കൻ ജനതയുടെ ചിന്തകളിലോ ജീവിതത്തിലൊ വല്ല സ്വാധിനവും ചെലുത്താനാവുമോ തുടങ്ങിയ കാര്യങ്ങൾ ഞാൻ പിന്നെപ്പിന്നെ പഠന വിഷയമാക്കി. അന്നേരമാണ് മനസ്സിലായത് ബ. പാലയ്ക്കലച്ചനും, ചിന്താബന്ധുരമായ അദ്ദേഹത്തിന്റെ പ്രബന്ധവരണവും മാത്രമല്ല, നമ്മുടെ സി.എം.ഐ സമൂഹവും കേരള സഭ തന്നെയും അതുവഴി അമേരിക്കൻ ജനതയുടെ സാംസ്കാരിക പദയാത്രയിൽ ശബ്ദമായും വെളിച്ചമായും സ്വാധിനം ചെലുത്തുന്നുണ്ട് എന്ന വസ്തുത.

1735 ൽ ജനിച്ച 1826 ൽ മരണം പ്രാപിച്ച ജോൺ ആഡംസ് ആണ് ലൈബ്രറിയുടെ സ്ഥാപകൻ. നമ്മുടെ ഗാന്ധിജിയെപോലെ, അമേരിക്കയുടെ സ്ഥാപകപിതാവാണദ്ദേഹം. ഗ്രന്ഥകർത്താവ്, നയതന്ത്ര പ്രതിനിധി, ആദരവ് നേടിയ ഭരണാധികാരി, നിയമജ്ഞൻ തുടങ്ങിയ നിലകളിലെല്ലാം പ്രശോഭിച്ചിരുന്ന അദ്ദേഹം അമേരിക്കയുടെ രണ്ടാമത്തെ പ്രസിഡന്റായിരുന്നു(1789-1801). അദ്ദേഹം പ്രസിഡന്റു പദവിയിലിരിക്കുമ്പോൾ 1800 ഏപ്രിൽ 24 ന് ആയിരുന്നു ലൈബ്രറിയുടെ സ്ഥാപനം. ഗ്രന്ഥങ്ങൾ, റെക്കോർഡുകൾ, ഫോട്ടോകൾ, പത്രമാസികകൾ, ഭൂപടങ്ങൾ, കയ്യെഴുത്തുകൾ തുടങ്ങി പതിനാറുകോടിയിലധികം ഇനങ്ങൾ

ലൈബ്രറിയിലുണ്ട്. പേര് തന്നെ സൂചിപ്പിക്കുന്നതുപോലെ, അമേരിക്കയുടെ നിയമനിർമാണ സഭയായ കോൺഗ്രസിലെ അംഗങ്ങൾക്ക് രഹസ്യസ്വഭാവമുള്ളതും വസ്തുനിഷ്ഠവും ആധികാരികവുമായ അന്വേഷണപഠനങ്ങളും വിശകലന വ്യാഖ്യാനങ്ങളും വഴി സഹായഹസ്തം നീട്ടുക എന്നതാണ് ലൈബ്രറിയുടെ പ്രഥമോദ്ദേശ്യം. അതോടൊപ്പവും അതുവഴിയായും ലോക ചരിത്ര സംബന്ധിയായ ചലനങ്ങളുടെ രേഖകൾ സൂക്ഷിക്കുക, അമേരിക്കൻ ജനതയുടെ ക്രിയാത്മകതയെ പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക എന്നതും ലൈബ്രറിയുടെ ലക്ഷ്യമാണ്.

സാമ്പത്തിക രംഗത്ത് ലോകത്തിലെ മേൽകൈ അവകാശപ്പെടാവുന്ന രാജ്യമാണ് അമേരിക്ക. അതുപോലെ സാംസ്കാരിക തലത്തിലും ലോകജനതയ്ക്കു മാർഗദർശക ശക്തിയായിരിക്കാൻ ആഗ്രഹവും പരിശ്രമവും അമേരിക്കയുടെ ഭാഗത്തുണ്ട്. അങ്ങനെ ഉയരങ്ങൾ താണ്ടാനാഗ്രഹിക്കുന്ന അമേരിക്കയുടെ ഭരണസിരാകേന്ദ്രമാണ് കോൺഗ്രസ്. 'ഞാനാകുന്ന ഈ കൊച്ചു ഞാങ്കണക്കുഴലിലൂടെ നിത്യ നൂതനമായ കാവ്യത്തിന്റെ ഈരടികൾ അവിടുന്നുരുവിട്ടു; അങ്ങയുടെ ജനം അത് കാത് കുളിർക്കെ കേട്ടിരുന്നു' എന്ന് ഗീതാഞ്ജലിയിൽ ടാഗോർ പാടിയത് പോലെ, അമേരിക്കൻ ജനതയ്ക്കുവേണ്ടി സനാതനശക്തിയുടെ കൈകളിൽ ഉപകാരണമായിരിക്കാനാണ് കോൺഗ്രസിന്റെ ലക്ഷ്യം. അത് സാധിക്കാൻ കോൺഗ്രസ് സ്വയം സജ്ജമാകണം. അതിനുള്ള പരിശ്രമത്തിൽ, അതിനാവശ്യമായ ചരിത്ര വസ്തുതകളും അവയുടെ വിശ്വാസ്യതയും സംലഭ്യമാക്കുക ചിന്തയത്രയും ആ വിശാലവീക്ഷികൾ പൗരസഞ്ചയത്തിനഭിഗമ്യമാക്കുകയും അതുവഴി ശ്രേയസിലേക്കുള്ള അവരുടെ കർമോൽസുകമായ പദചലനം ആവേശകരമാക്കുകയും ലൈബ്രറിയുടെ ലക്ഷ്യമാണ്. ഇതൊക്കെ മനസ്സിലുള്ള ലൈബ്രേറിയാനാണ് നമ്മുടെ പാലയ്ക്കലച്ചനെ പ്രബന്ധവതരണത്തിനു ക്ഷണിക്കുന്നത്. ജോസഫച്ചൻ സരസമായിട്ട് വിഷയം അവതരിപ്പിച്ചു സദസ്യർ ശ്രദ്ധേയം കേട്ടിരുന്നു. സ്വന്തം മുട്ടകളിന്മേലടയിരുന്നു വിരിയിച്ചിറക്കിയ

കുഞ്ഞുകോഴികൾ കുഞ്ഞികാല് കൊണ്ട് ചികഞ്ഞു ചിതലുകളെ തേടിപ്പിടിച്ചു രുചിയോടെ ആഹരിക്കുന്നത് നോക്കിനിൽക്കുന്ന പിടക്കോഴിയെപോലെ ഞാനും സാഭിമാനം സദസ്സിലിരുന്നു.

അമേരിക്കൻ ശൈലിയാണല്ലോ പ്രബന്ധാവതരണം കഴിഞ്ഞു, സമയബന്ധിതമായിട്ടു തന്നെ. ആളുകൾ അടുത്ത പരിപാടിയിലേക്ക് കടന്ന് തുടങ്ങി. സദസ്യരിലൊരാൾ എന്നോട് ചോദിച്ചു 'അപ്പോൾ തോമാശ്ളീഹായുടെ നല്ലപ്രായം തുടങ്ങി, ഈശോ യഥാർത്ഥ മനുഷ്യനും യഥാർഥ ദൈവവുമായി അറിയാനും വിശ്വസിക്കാനും ഭാഗ്യം സിദ്ധിച്ച ഒരു ജനതയാണ് നിങ്ങൾ അല്ലെ?' 'ജോസഫച്ചന്റെ പ്രബന്ധം ചിന്തകനായ ഒരു മനുഷ്യനിൽ സൃഷ്ടിച്ച ചലനങ്ങളുടെ ഒരു കൊച്ചു കാറ്റാണല്ലോ ഇത്, ഞാൻ ഓർത്തു. മലനാടിന്റെ മിഷനറിയായിരുന്ന നമ്മുടെ ശൗര്യാരച്ചനും, അറിയപ്പെട്ടിരുന്ന വാഗ്മിയായിരുന്ന ജെനെസിയൂസച്ചനും ആദരണീയനായ ജെറമിയാസച്ചനും ആസ്പിരൻസ് ഹൗസിൽ ഞങ്ങളുടെ സുറിയാനി അധ്യാപകനായ ആർസേനിയൂസച്ചനുമൊക്കെ അന്നേരം എന്റെ മനസ്സിന്റെ വെള്ളിത്തിരയിൽ തെളിഞ്ഞു. സാമാന്യം നീണ്ട ഇടനാഴിയിലൂടെ ഭക്ഷണശാലയിലേക്ക് നടക്കുകയായിരുന്നു എല്ലാവരും, കൂടെ ഞാനും. ഇടയിൽ ഒരു സഹൃദയൻ എന്നോട് പറഞ്ഞു . 'അനുഗ്രഹീത ഗായകനായ പാലയ്ക്കലച്ചനെപ്പോലെ, സുറിയാനി പാട്ടുകാരായ അച്ചന്മാരും സുറിയാനി പാട്ടുകളും നിങ്ങളുടെ സഭാചരിത്രത്തിന്റെ തിളക്കമുള്ള പേജുകളാണല്ലോ!' ഈശോ പലപ്പോഴായി പറയാറുണ്ടായിരുന്ന വാക്കുകളുടെ ആഴമറിയാൻ നന്നേ ക്ലേശിച്ചിരുന്ന പാവം പത്രോസ് ശ്ളീഹയുടെ അടുക്കളകാരി പെൺകൊച്ചു സംസാരിച്ച രംഗവും (ലൂക്കാ 22:56) അവളുടെ വാക്ക് കേട്ട് അപ്പസ്തോലനിലുണ്ടായ നിസ്സഹായതയും ഞാൻ ഭാവനയിൽ അനുഭവിച്ചു പുറമേകാണിച്ചില്ലെന്നുമാത്രം.

ഞങ്ങൾ വീട്ടിൽ മടങ്ങിയെത്തി, അന്നേരമാണറിയുന്നത്. ഉടനെ പള്ളിയിലേക്കു പോണം. പിറ്റേ ദിവസം രാവിലെ കുർബാന സമയത്താണ് എന്റെ ബന്ധുവിന്റെ കുഞ്ഞിന്റെ മാമ്മോദിസാ. അതായിരുന്നു എനിക്ക് വെർജീനിയ യാത്രക്കും ലൈബ്രറിയിലെ പ്രബന്ധശ്രവണത്തിനും അവസരമൊരുക്കിയത് . പള്ളിയിൽ

മാമ്മോദിസായുടെയും മറ്റും റിഹേഴ്സൽ നടത്തി. അതിനിടയിൽ വികാരിയച്ചൻ പറഞ്ഞു വിയാനിയച്ചൻ സുറിയാനി കുർബാനചൊല്ലിയിട്ടുണ്ടല്ലോ; നാളെ നമ്മുടെ കുർബാനയിൽ ഉത്ഥാന ഗീതം അച്ചൻ സുറിയാനിയിൽ പാടണം. ഞാൻ പാടി, അതിനുത്തരം പാടിയ കുട്ടികളുടെ പാട്ട്, എന്റെ ഗാനത്തേക്കാൾ പത്തിരട്ടി കാതിനിമ്പം തരുന്നതായിരുന്നു. യൂറോപ്യൻ മിഷനറിമാർ കേരളസഭയിലെ ദൈവാരാധനയിൽ തിരുത്തലുകൾ വരുത്താൻ നടത്തിയ പരിശ്രമങ്ങളുടെ കഥയും മറ്റും പ്രബന്ധാവതരണത്തിൽ പ്രതിഫലിച്ചുകേട്ടിട്ടാണ് ഞാൻ വന്നത്. അന്നേരമാണ് സുറിയാനിയിൽ പാടാനുള്ള വികാരിയച്ചന്റെ നിർദേശം. അത് കേട്ടപ്പോൾ എനിക്കുതോന്നി, പിടിച്ചതിനേക്കാൾ വലുത് അളയിലിരിപ്പാണല്ലോ എന്ന്. കുർബാനയും മാമ്മോദിസയുമെല്ലാം കഴിഞ്ഞു പാലയ്ക്കലച്ചനുമായിട്ട് വീണ്ടും സംസാരിച്ചു. ഒരു വിശദീകരണം കിട്ടാനായിരുന്നു എന്റെ മനസ്സിലിരുപ്പ് പക്ഷെ അന്നേരമച്ചൻ പറഞ്ഞു, ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽനിന്നും ഒരു ക്ഷണം കിട്ടിയിട്ടുണ്ട്, അവിടെയും പോകണം പ്രബന്ധം അവതരിപ്പിക്കണം എന്ന്. ആയിരം കെട്ടിട്ട് ആറ്റിൽ ചാടി എന്ന് കടം കഥ പറയുന്ന പാകത്തിലായി ഞാൻ പിന്നെയും. ജൂലൈ 18 നായിരുന്നു അദ്ദേഹം ഓക്സ്ഫോർഡിൽ പ്രബന്ധം അവതരിപ്പിച്ചത്.

പ്രബന്ധവതരണത്തിൽ പാലയ്ക്കലച്ചൻ എടുത്തു പറഞ്ഞ ഒരു കാര്യം സുറിയാനിഭാഷയിലെ പദ്യ ശൈലിയും അതിന്റെ കാവ്യ ഭംഗിയുമായിരുന്നു. 'ദീർഘകാലം നമ്മുടെ ദൈവാരാധന ഭാഷ സുറിയാനിയായിരുന്നു. അത് പിന്നെ എല്ലാവർക്കും ഗ്രാഹ്യമാകാൻ വേണ്ടി ദേശിയ ഭാഷയാക്കി. ഇനി നമ്മൾ സുറിയാനിപദങ്ങളോ പാട്ടുകളോ നിലനിർത്തേണ്ട ആവശ്യമുണ്ടോ? 'ഞാൻ, വിശദീകരണാർഥം സംശയം ഉന്നയിച്ചു. അതിനു പാലയ്ക്കലച്ചന്റെ മറുപടി ചിന്താമയമായിരുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ (12: 26,27) പെസഹാ ആചരണത്തെ സംബന്ധിച്ചു ദൈവം നൽകിയ നിർദേശം നോക്കുക. പെസഹായുടെ കഥ മുഴുവൻ ആവർത്തിക്കണമെന്നല്ല, പെസഹാ അപ്പം ഭക്ഷിച്ചും അതിന്റെ കഥ

കുട്ടികളെ പഠിപ്പിച്ചും ദൈവം മനുഷ്യനോട് കാട്ടിയ സ്നേഹത്തിന്റെ അനുഭവം നിലനിർത്തണമെന്നും. ദൈവം നോഹയോട് ഉണ്ടാക്കിയ ഉടമ്പടി നാം ഉൽപ്പത്തിഗ്രന്ഥത്തിൽ വായിക്കുന്നുണ്ടല്ലോ (ഉൽ 9:8,17). മാനത്തു വിരിയുന്ന ഏഴു നിറമുള്ള മഴവില്ലാണ് തന്റെ ഉടമ്പടിയുടെ സ്മരണക്കായി ദൈവം മനുഷ്യന് നൽകിയത്. ആകാശപറവകളെയും വയലുകളിലെ ശോശ്ശന്നകളെയും ശ്രദ്ധിക്കുവിൻ (മത്താ 6:26,31) എന്നും ഈശോ നമ്മോട് പറഞ്ഞിരിക്കുന്നു. എന്നിട്ടോ? വാ കീറിയ തമ്പുരാൻ ഇരയും തേടും എന്നൊരൊഴുക്കൻ ചിന്തയിലും തജ്ജന്യമായ ഏതാനം ഭക്തിവികാരങ്ങളിലും അവിടുത്തെ വാക്കുകൾ ഒതുങ്ങി പോകുന്നു എന്നതാണല്ലോ നമ്മിൽ മിക്കവരുടെയും ജീവിതത്തിൽ സംഭവിക്കുക. ആകർഷകമായ നിറമുള്ള ദളങ്ങളും വശ്യമായ സുഗന്ധവും, മധുരിക്കുന്ന പൂന്തേൻ അകമേയും ചാർത്തി തേനീച്ചകളെ ആകർഷിച്ചു വിളിച്ചു വരുത്തി പരാഗ വിതരണം സാധിച്ചാണല്ലോ ആരോഗ്യമുള്ള പുത്തൻ തലമുറയ്ക്ക് രൂപം കൊടുക്കുവാൻ ദൈവം ചെടികളെ സഹായിക്കുന്നത്. മാനത്തെ മഴവില്ലും തേനീച്ചയുടെ ദിനചര്യയും നിരീക്ഷിച്ചാൽ, 'ദൈവസ്നേഹം വർണിച്ചിടാൻ വാക്കുകൾ പോരാ' എന്നുരുവിട്ട കാവ്യഭാവന നമ്മളെ അത്ഭുതപരതന്ത്രരാക്കുമല്ലോ.

പാട്ടിനെക്കുറിച്ചും ഒരു വാക്ക് പറയട്ടെ. കുയിൽനാദം കേട്ടുനിന്ന ഒരു കൊച്ചുകുട്ടി, ആ പറവയോടൊരു ചോദ്യം ചോദിച്ചു കവിയുടെ സങ്കൽപത്തിൽ:

' കുയിലേ പൂങ്കുയിലേ , ഭുമിയിലെങ്ങനെ വന്നുനീ,
പാട്ടുകൾ പാടിടുവാൻ, ആരീ തൊണ്ട നിനക്കേകി? '

കുഞ്ഞിന്റെ സ്വരം തിരിച്ചറിഞ്ഞിട്ടാകണം കുയിലു പറഞ്ഞു :

' കുഞ്ഞേ, ഗായകനായ എന്നെ തീർത്തത് ദൈവം താൻ,
വാനിൽ വാഴ്ത്തു, ദൈവം നമ്മെ പോറ്റുന്നു .'

അഴകു മുറ്റിയ വാക്കുകൾ പാട്ടിന് നൽകപ്പെടുന്ന ഈണത്തിൽ നാം കേൾക്കുമ്പോൾ, ആ ചോദ്യോത്തരങ്ങൾ നമ്മുടെ ആത്മാവിൽ അവാച്യമായ ചലനങ്ങൾ ഉണ്ടാക്കുന്നു. നോഹയോട് ദൈവം ചെയ്ത ഉടമ്പടിയെ ഓർമ്മിക്കാൻ വേണ്ടി അവിടുന്ന് രൂപകൽപന ചെയ്ത മഴവില്ലും, ഇസ്രയേൽ ജനത്തോടു ദൈവം ആവശ്യപ്പെട്ട പെസഹാ ആചരണത്തിന്റെ ആവർത്തനവും, കവി ഭാവനയിൽ തെളിഞ്ഞ കുഞ്ഞിന്റെയും കുയിലിന്റെയും സംഭാഷണവും പോലെ നമ്മുടെ ദൈവാരാധനയും നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ചലനങ്ങൾ സൃഷ്ടിക്കണം. അത് വഴി തോമാശ്ളീഹായുടെ കാലം മുതൽ തലമുറകളായി നമ്മൾ കാത്തു പോരുന്ന നമ്മുടെ വിലാസം നാട് തോറും തളിരിടണം, അതിനുപുതിയ ശാഖകൾ വിരിയണം. അതാണ് നമ്മുടെ ദൈവാരാധനാ ഭാഷയായിരുന്ന സുറിയാനിയുടെ പാദങ്ങളും ഗാനങ്ങളും നമ്മൾ കൈവിട്ട് കളയരുത് എന്ന് പറയുന്നതിന്റെ പൊരുൾ.

സുറിയാനി പദങ്ങളോ പാട്ടുകളോ നമ്മൾ നിലനിർത്തണം. അത് മൃതമായ ഒരു ഭാഷക്കുവേണ്ടി നമ്മൾ ചെയ്യുന്ന പരേതസ്മരണയല്ല. പ്രത്യുത അബ്രാഹത്തിന്റെ നാൾ തുടങ്ങി ദൈവം തന്നെ തന്നെ നമ്മുക്ക് വെളിപ്പെടുത്തി തരുന്ന സ്നേഹത്തിന്റെ ആത്മീയവും കാവ്യാത്മകവും ചരിത്രപരവുമായ അനുഭവം ഫലപ്രദമായി കാത്തുസൂക്ഷിക്കാനുള്ള ആഹ്വാനമാണ്.

അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രയേലിന്റെയും ദൈവം എന്ന ശൈലിയും പെസഹായുടെ ആചരണവും ജലപ്രളയത്തിന്റെ നാൾ മുതൽ മാനവചരിത്രത്തിൽ ദൈവം മനുഷ്യനോട് കാണിച്ചു പോന്ന സ്നേഹത്തിന്റെ കുളിർമ്മയുള്ള കഥകൾ മനസ്സിലുണർത്തണം എന്നതാണല്ലോ അവ കൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ, 'അശീങ്കേസ് ദക്യായീസ്' തുടങ്ങിയ ഗാനങ്ങളോ 'ഹാനാവുഗേർചഗർ' എന്ന കുദാശവചനങ്ങളും ഉപയോഗിക്കപ്പെടുമ്പോൾ, കേരള കത്തോലിക്കാസഭയിൽ നമ്മുടെ കാരണവന്മാർ, തോമാശ്ളീഹായുടെ നാളുമുതൽ ഈശോമിശിഹായുടെ ദൈവികതയിലും മാനുഷികതയിലും പുലർത്തിപോന്നിരുന്ന

വിശ്വാസത്തിന്റെ അതേ തീവ്രത ഇന്ന് നമുക്കും അനുഭവപ്പെടണം എന്നതാണ് ഐച്ഛികം. നിങ്ങൾ എനിക്ക് തിന്മ വരാൻ വേണ്ടി പ്ലാൻ ചെയ്തു; പക്ഷെ ദൈവം അത് കൃപയുടെ വഴിയായി പരിവർത്തനപ്പെടുത്തി എന്ന് യാക്കോബിന്റെ മകൻ ജോസഫ് സഹോദരൻമാരോട് പറഞ്ഞത് പോലെ നമ്മൾ നമ്മുടെ പഴയ ഭരണാധികാരികളോട് അഭിമാനപൂർവം പറയുന്ന തെറ്റില്ലാത്ത കൊള്ളിവാക്കുംകൂടിയാണത്.